# തീവ്രവാദികളോട് ഗുണകാംക്ഷയോടെ

[ Malayalam]

# نصيحة لأهل الغلو والتطرف

[ باللغة مليالم ]


എം. എം. അക്ബര്‍

إعداد : ام. محمد أكبر

എഡിറ്റര്‍: മുഹമ്മദ് കുട്ടി - കടന്നമണ്ണ - മങ്കട

مراجعة : محمد كطي ابوبكر



കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്

റബ്‌വ - റിയാദ് - സൗദി അറേബ്യ

المكتتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض-المملكة العربية السعودية

islamhouse.com

1429 - 2008

പ്രകൃതി മതമാണ് ഇസ്‌ലാം. മനുഷ്യപ്രകൃതിയോട് പൂർണ്ണമായി പൊരുത്തപ്പെടുന്ന ദർശനം. പ്രകൃതി വിരുദ്ധമായ നിർദ്ദേശങ്ങളൊന്നും ഇസ്‌ലാമിലില്ല. ഏക ദൈവാരാധനയും പരലോക ബോധനവും ദൈവിക മാർഗദർശന പ്രകാരമുള്ള ജീവിതവും സ്വച്ഛമായ മനുഷ്യപ്രകൃതിയുടെ സ്വാഭാവികമായ തേട്ടങ്ങളാണ്. പ്രകൃതിയുടെ തേട്ടങ്ങളോട് പുറംതിരിഞ്ഞു നിൽക്കാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നത് പിശാചാണ്. പൈശാചിക പ്രലോഭനങ്ങളിൽ നിന്ന് രക്ഷപ്പെട്ടുകൊണ്ട് പ്രകൃതിയുടെ തേട്ടങ്ങളോട് സൃഷ്ടിപരമായി പ്രതികരിക്കുവാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. അതിരുകവിഞ്ഞ ആത്മീയതയും ജീർണ്ണമായ ഭൗതികതയും മനുഷ്യപ്രകൃതിയുമായി പൊരുത്തപ്പെടുന്നതല്ല. ആത്മീയതയുടെ പേരിൽ ജീവിത നിഷേധം പഠിപ്പിക്കുന്ന മതാശയങ്ങളെ ഇസ്‌ലാം തിരസ്കരിക്കുന്നു.

( لاَ تَغْلُواْ فِي دِينِكُمْ ) ( النساء : ١٧١ )

“മതത്തിൽ അതിരുകവിയരുത്” (4:171) എന്നാണ് വിശുദ്ധ ഖുർആനിന്റെ അനുശാസന.

അതിരുകവിയൽ ആപത്താണെന്നും അതാണ് പൂർവസമുദായങ്ങളെ നശിപ്പിച്ചതെന്നും അന്തിമ പ്രവാചകൻ മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

(قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ وَإِيَّاكُمْ وَالْغُلُوَّ فِي الدِّينِ فَإِنَّمَا هَلَكَ مَنْ كَانَ قَبْلَكُمْ بِالْغُلُوِّ فِي الدِّينِ) (ابن ماجه والنسائي وأحمد)

റസൂൽ(സ) പറയുകയുണ്ടായി: ‘മതത്തിൽ അതിര് കവിയുന്നതിനെ നിങ്ങൾ സൂക്ഷിക്കുക, നിങ്ങളുടെ മുൻഗാമികൾ നശിക്കുവാൻ കാരണം അവരുടെ മതത്തിൽ അതിര് കവിഞ്ഞതായിരുന്നു.’ (ഇബ്നുമാജ, നസാഇ, അഹമദ്)

തന്റെ സമുദായത്തിൽ ഉണ്ടാകുവാൻ പോകുന്ന തീവ്രവാദത്തെക്കുറിച്ചും അത്തരം തീവ്രവാദികൾ മതത്തിൽ നിന്ന് പുറത്തുപോകുന്നവരായിരിക്കുമെന്നും മുഹമ്മദ് നബി (സ) പ്രവചിച്ചതായി കാണാം.

(قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ قُتِلَ تَحْتَ رَايَةٍ عِمِّيَّةٍ يَدْعُو عَصَبِيَّةً أَوْ يَنْصُرُ عَصَبِيَّةً فَقِتْلَةٌ جَاهِلِيَّةٌ ) (مسلم)

റസൂൽ(സ) പറയുകയുണ്ടായി: 'വർഗീയതയെ സഹായിക്കുവാനോ, വർഗീയതയിലേക്ക് ക്ഷണിക്കുവാനോ വേണ്ടി അവ്യക്തമായ കൊടിക്ക് കീഴിൽ ആരെങ്കിലും കൊല്ലപ്പെടുകയാണെങ്കിൽ അത് ജാഹിലിയ്യാ മരണമാകുന്നു. (മുസ്ലിം)

മുഹമ്മദ് നബി (സ)ക്കു ശേഷം മുസ്‌ലിം ലോകത്ത് ഭിന്നിപ്പ് ഉൽഘാടനം ചെയ്തവർ പ്രവാചക വചനത്തിന്റെ പൂർത്തീകരണമെന്നോണം ഖുർആൻ വചനങ്ങളെ ദുർവ്യാഖ്യാനിച്ചുകൊണ്ടാണ് തങ്ങളുടെ ആശയ പ്രചാരണത്തിന് ശ്രമിച്ചത്. അവിടെ നിന്ന് ഇന്നോളമുണ്ടായിട്ടുള്ള വ്യതിയാനക്കാരെല്ലാം ഖുർആനും സുന്നത്തുമാകുന്ന പ്രമാണങ്ങളെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് അവതരിപ്പിച്ചും തങ്ങൾ നേരത്തെ തന്നെയുണ്ടാക്കിയ ആശയങ്ങൾക്കനുസൃതമായി പ്രമാണങ്ങളെ വിളക്കിച്ചേർത്തും കൊണ്ടാണ് മുസ്‌ലിം ലോകത്ത് നിലനിന്നത്. ഇസ്‌ലാമിക പ്രമാണങ്ങളെ മനസ്സിലാക്കുവാൻ പ്രയോഗിക്കേണ്ട മാനദണ്ഡമെന്തായിരിക്കണമെന്ന ഗൗരവതരമായ ചർച്ചകൾക്ക് പണ്ഡിത ലോകം സാക്ഷ്യം വഹിച്ച സാഹചര്യമിതായിരുന്നു. ഓരോരുത്തരും അവരവർക്ക് തോന്നിയ രൂപത്തിൽ പ്രമാണങ്ങളെ മനസ്സിലാക്കുകയാണോ അതല്ല അവയെ മനസ്സിലാക്കുന്നതിനായി നിയതമായ വല്ല രീതിശാസ്ത്രവുമുണ്ടായിരിക്കേണ്ടതുണ്ടോ എന്നതാണ് കാതലായ പ്രശ്നം. ഓരോരുത്തരും അവരവർക്ക് തോന്നിയ രീതിയിൽ പ്രമാണങ്ങളെ മനസ്സിലാക്കുകയും തങ്ങൾ മനസ്സിലാക്കിയ രീതിയിൽ കടമകൾ അനുഷ്ഠിക്കു

കയും ചെയ്താൽ ഓരോരുത്തർക്കും അവരവരുടേതായ 'സ്വകാര്യ മതം' ഉണ്ടാവുകയായിരിക്കും ഫലം. മുഹമ്മദ് നബി (സ)യിൽ നിന്ന് നേർക്കുനേരെ മതം പഠിച്ചവരാണ് സ്വഹാബിമാർ. അല്ലാഹുവിന്റെ സംതൃപ്തിക്കു പാത്രമായവർ എന്ന് ഖുർആൻ തന്നെ പറഞ്ഞിട്ടുവർ. ഉത്തമ തലമുറകളെന്ന് പ്രവാചകനാൽ വിശേഷിപ്പിക്കപ്പെട്ടവരാണ് ആദ്യത്തെ മൂന്ന് തലമുറകളിലുള്ളവർ. അല്ലാഹുവിന്റെയും ദൂതന്റെയും അംഗീകാരം ലഭിച്ചിട്ടുള്ള ആദിമതലമുറകളിലുള്ളവർ. അല്ലാഹുവിന്റെയും ദൂതന്റെയും അംഗീകാരം ലഭിച്ചിട്ടുള്ള ആദിമ തലമുറകളിലുള്ളവർ പ്രമാണങ്ങളെ മനസ്സിലാക്കുവാൻ സ്വീകരിച്ച രീതിശാസ്ത്രം തന്നെയായിരിക്കണം എക്കാലഘട്ടത്തിലെയും വിശ്വാസികൾ അനുധാവനം ചെയ്യേണ്ടതെന്ന് പറയുന്നത്, അത് അല്ലാഹുവിന്റെയും അന്തിമ പ്രവാചകന്റെയും അംഗീകാരത്തിന് പാത്രമായതുകൊണ്ടാണ്. പ്രമാണങ്ങളെ മനസ്സിലാക്കുവാനും അനുധാവനം ചെയ്യുവാനും ആദിമ തലമുറക്കാർ സ്വീകരിച്ച രീതിശാസ്ത്രം തന്നെ നിഷ്കൃഷ്ടമായി അനുധാവനം ചെയ്യുവാൻ നാം സന്നദ്ധരായാൽ യാതൊരുവിധ വ്യതിയാനങ്ങൾക്കും പിന്നെ നമ്മെ സ്വാധീനിക്കാൻ ആവില്ല. വ്യതിയാനങ്ങൾ മതത്തിൽ നിന്ന് പുറംതള്ളപ്പെടുന്ന പരിണിതിയിലെത്താതിരിക്കുവാൻ ഈയൊരു രീതിശാസ്ത്രത്തിൽ തന്നെ അള്ളിപ്പിടിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്.

ഇസ്‌ലാമിക സമൂഹത്തെ മാർഗഭ്രംശങ്ങളിലേക്ക് വ്യതിചലിപ്പിച്ചത് തീവ്രവാദമായിരുന്നുവെന്ന് നാം മനസ്സിലാക്കി. തീവ്രവാദം ഇസ്‌ലാമിന്റെയോ മുസ്‌ലിംകളുടെയോ സൃഷ്ടിയല്ല. പ്രത്യുത ശത്രുക്കളുടെ മസ്തിഷ്കത്തിൽ നിന്നാണ് ഉയിർകൊള്ളുന്നതെന്ന് ചരിത്രത്തിലൂടെ സൂക്ഷ്മാന്വേഷണം നടത്തിയാൽ ബോധ്യമാകും. 'മുസ്‌ലിംകൾ ഭീകരരാണ്' എന്ന പ്രമാണത്തിനു പിന്നിൽ ഇസ്‌ലാമിന്റെ ശത്രുക്കളാണെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. അപ്പോൾ പിന്നെ മുസ്‌ലിംകളെ ഭീകര

രാക്കുവാൻ ബോധപൂർവ്വം പരിശ്രമിക്കുന്നവരോ? ഇസ്‌ലാമിന്റെ ശത്രുക്കളോ, അവരുടെ കയ്യിലെ പാവകളോ, അറിയാതെ അവരുടെ കയ്യിലകപ്പെട്ട ഇരകളോ ആണ് മുസ്‌ലിംകളെ തീവ്രവാദികളാക്കുവാൻ ശ്രമിക്കുന്നതെന്ന് വ്യക്തം. മുസ്‌ലിംകളെ ഭീകരരാക്കിത്തീർക്കുവാൻ ശ്രമിക്കുന്നവർ അതുമൂലം രണ്ടുതരം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്. ഒന്ന്, ഇസ്‌ലാമിക ദർശങ്ങൾ ഭീകരവാദപരവും പ്രാകൃതവുമാണെന്ന് ലോകത്തെ തെറ്റിദ്ധരിപ്പിക്കുകയും അതുവഴി ഇസ്‌ലാമിനെക്കുറിച്ച ഗൗരവതരമായ പഠനങ്ങളിൽ നിന്ന് ബുദ്ധിജീവികളെ അകറ്റി നിർത്തുകയും ചെയ്യുക. രണ്ട്, ഇസ്‌ലാമിക പ്രബോധനത്തിനും സമൂഹത്തിന്റെ സൃഷ്ടിപരമായ പുരോഗതിക്കും വേണ്ടി ഉപയോഗിക്കപ്പെടേണ്ട മുസ്‌ലിം യുവാക്കളുടെ ഊർജത്തെയും ധിഷണയെയും കലുഷിതമാക്കിത്തീർത്ത് നിർവീര്യമാക്കുകയും മുസ്‌ലിംകളെ ആത്മഹത്യാസ്ക്വാഡുകളാക്കിക്കീർക്കുകയും ചെയ്യുക. മുസ്‌ലിം യുവതയുടെ മനസ്സിൽ തീവ്രവാദത്തിന്റെ വിത്തുകൾ മുളപ്പിക്കുവാൻ ശ്രമിക്കുന്നവർ അറിഞ്ഞോ അറിയാതെയോ ശത്രുവിന്റെ ഇരകളായിത്തീരുവാൻ മുസ്‌ലിംകളെ ഒരുക്കുകയാണ് ചെയ്യുന്നത്. തീവ്രവാദത്തിനും ഭീകരവാദത്തിനുമെതിരെയുള്ള പോരാട്ടം ഇസ്‌ലാമിക പ്രബോധനത്തിന്റെ ഭാഗമായിത്തന്നെ നിർവഹിക്കപ്പെടേണ്ടതാണെന്നു പറയുന്നത് അതുകൊണ്ടാണ്. ഭീകരവാദികളെ വളർത്തുന്നവർക്ക് ഏറെ വെറുപ്പുള്ളത് പ്രബോധന പ്രവർത്തനങ്ങളോടാണ്. സമുദായത്തെ ഭീകരവൽകരിക്കുക വഴി ദഅ്‌വ

ത്തിനെ മരവിപ്പിക്കാമെന്നാണ് അവർ കണക്കുക്കൂട്ടുന്നത്.

തീവ്രവാദത്തെ വിമർശിക്കുന്നത് ആരോടെങ്കിലുമുള്ള വിരോധം തീർക്കുവാനല്ല, അന്ധമായ സംഘടനാ താൽപര്യവുമല്ല ഭീകരവിരുദ്ധമായ നിലപാടെടുക്കുവാൻ പ്രബോധകരെ പ്രേരിപ്പിക്കുന്നത്, തീവ്രവാദം ഇസ്ലാമിക പ്രമാണങ്ങളുടെ ആത്മാവിന് എതിരായതുകൊണ്ടാണ്. ഒപ്പം തന്നെ തീവ്രവാദികളായിത്തീരുന്ന സഹോദരങ്ങളോടുള്ള ഗുണകാംക്ഷയും. ആദർശമാണെന്ന് തെറ്റിദ്ധരിപ്പിച്ച് ശത്രുവിന്റെ ഇരകളായിത്തീരുന്നവരെ പ്രമാണങ്ങളുടെ വെളിച്ചത്തിൽ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയെന്നത് അവരോടുതന്നെ ചെയ്യുന്ന വലിയ സേവനമാണല്ലോ. സ്വാലിഹ് നബി (അ)പറഞ്ഞതു തന്നെയാണ് നമുക്ക് നമ്മുടെ സഹോദരങ്ങളോട് പറയാനുള്ളത്:

( .... يَا قَوْمِ لَقَدْ أَبْلَغْتُكُمْ رِسَالَةَ رَبِّي وَنَصَحْتُ لَكُمْ وَلَكِن لاَّ تُحِبُّونَ النَّاصِحِينَ ) ( الأعراف : ٧٩ )

‘...... എന്റെ ജനങ്ങളേ, തീർച്ചയായും ഞാൻ നിങ്ങൾക്ക് എന്റെ രക്ഷിതാവിന്റെ സന്ദേശം എത്തിച്ചുതരികയും ആത്മാർഥമായി ഞാൻ നിങ്ങളോട് ഉപദേശിക്കുകയുമുണ്ടായി. പക്ഷേ, സദുപദേശത്തെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല.’ (7:79)

islamhouse.com